പ്രത്യക്ഷപ്പെടുമെന്നും നമുക്ക് ആശിക്കുക. ധീരതയ്ക്കെന്നപോലെ എളിമയ്ക്കും പേരുകേട്ടവരാണ് ഗോർഖകൾ. വ്യത്യസ്ത ജനതകളെ ഉൾക്കൊള്ളുന്ന ഇന്ത്യൻ രാഷ്ട്രത്തിന് അവരുടെ സേവനം വിലപ്പെട്ടതാണ്.

(26 ആഗസ്റ്റ്, 1988)

## 24. മദ്രാസ് എ. ഐ സി. സി.

1988 ഏപ്രിൽ 23, 24 തീയതികളിൽ മദ്രാസിലെ മറൈമലൈ നഗറിൽ ചേർന്ന അഖിലേന്ത്യാ കോൺഗ്രസ് കമ്മററി സമ്മേളനം വളരെയൊന്നും പൊതുജനശ്രദ്ധ ആകർഷിക്കുകയുണ്ടായില്ല. ഭരണതലത്തിലും സംഘടനാതലത്തിലും തുടർച്ചയായി നേരിട്ടുകൊണ്ടിരിക്കുന്ന പരാജയങ്ങൾമൂലം ഉശിരുകെട്ട ഒരു സംഘടനയിൽ ജനങ്ങൾക്ക് താല്പര്യം തോന്നിയില്ലെങ്കിൽ, അതിൽ അത്ഭുതവുമില്ല.

എം. ജി. രാമചന്ദ്രന്റെ മരണത്തെത്തുടർന്ന് രാഷ്ട്രപതി ഭരണത്തിൻകീഴിലായ തമിഴ്നാട്ടിൽ, അടുത്ത ആറു മാസങ്ങൾക്കുള്ളിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. പല ഗ്രൂപ്പുകളായി ഭിന്നിച്ചുപോയ എ. ഐ. എ. ഡി. എം. കെ. പാർട്ടിയുടെ ഏതെങ്കിലും വിഭാഗത്തോടു കൂട്ടുചേർന്ന് ഈ തിരഞ്ഞെടുപ്പിൽ വിജയം നേടി ഒരിക്കൽക്കൂടി തമിഴ്നാട് ഭരണത്തിൽ നേതൃത്വമോ, പങ്കാളിത്തമെങ്കിലുമോ, നേടാമെന്ന് തമിഴ്നാട്ടിലെ ചില കോൺഗ്രസ് നേതാക്കൾ ആശിക്കുന്നുണ്ട്. തമിഴ്നാട് രാഷ്ട്രീയത്തിലേക്ക് കോൺഗ്രസ്സിന്റെ ഇത്തരമൊരു തിരിച്ചുവരവിനു കളമൊരുക്കുന്നതിനുവേണ്ടിയാണ് എ. ഐ. സി. സി. സമ്മേളനം മദ്രാസിൽ വിളിച്ചുകൂട്ടിയത്. പക്ഷേ, ഈ ലക്ഷ്യം നേടുന്നതിൽ മദ്രാസ് സമ്മേളനം വിജയിച്ചതായി തോന്നുന്നില്ല. മറിച്ച്, സമ്മേളനത്തിൽ കാണപ്പെട്ട അച്ചടക്കക്കുറവും, ജനക്കൂട്ടത്തെ ആകർഷിക്കുന്നതിൽ സമ്മേളനത്തിനുണ്ടായ പരാജയവും, തമിഴ്നാട്ടിൽ കോൺഗ്രസ് സംഘടനയുടെ സ്വാധീനം ഒന്നുകൂടി കുറയ്ക്കാനേ ഈ സമ്മേളനം ഉപകരിച്ചിട്ടുള്ളു എന്ന ധാരണയാണ് നിഷ്പക്ഷനിരീക്ഷകരിൽ ഉളവാക്കുന്നത്.

സാധാരണഗതിയിൽ കേന്ദ്ര പാർലമെന്റിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് ഒരു വർഷത്തിനകം നടക്കേണ്ടതാണ്. ഭരണകക്ഷിക്ക് വിജയപ്രതീക്ഷയുണ്ടെങ്കിൽ പൊതുതിരഞ്ഞെടുപ്പ് അതിനുമുമ്പുതന്നെ നടന്നുകൂടായ്കയുമില്ല. ഈ തിരഞ്ഞെടുപ്പിന്റെ തന്ത്രങ്ങളാവിഷ്കരിക്കുകയെന്ന ലക്ഷ്യംകൂടി മദ്രാസ് എ. ഐ. സി. സി. സമ്മേളനത്തിനുള്ളതായി പറഞ്ഞുകേട്ടിരുന്നു. ഇതു ശരിയെങ്കിൽ, ഇക്കാര്യത്തിൽ എടുത്തുപറയത്തക്ക എന്തെങ്കിലും മുൻകൈ മദ്രാസ് എ. ഐ. സി. സി. സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്നിട്ടില്ല.

അന്താരാഷ്ട്രീയതലത്തിലും രാഷ്ട്രീയതലത്തിലും സാമ്പത്തികതലത്തിലും സംഘടനാതലത്തിലും ഗൗരവാവഹമായ പ്രതിസന്ധികൾ ഒന്നിനുപുറകെ ഒന്നായി കേന്ദ്രത്തിലെ കോൺഗ്രസ് പാർട്ടി ഭരണത്തെ പ്രഹരിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയ്ക്കെതിരെ പാകിസ്ഥാന് അമേരിക്ക പരസ്യമായി ആയുധ–സാമ്പത്തിക–സഹായം നൽകിക്കൊണ്ടിരിക്കുന്നു. പാകിസ്ഥാനാണെങ്കിൽ അണു–ആയുധ നിർമാണക്കഴിവ് നേടിയുമിരിക്കുന്നു. പഞ്ചാബിലെ സിഖ് വിഘടനവാദത്തെ പാകിസ്ഥാൻ തുറന്നുതന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചാബ് അതിർത്തിയിലോ കാശ്മീർ അതിർത്തിയിലോ പാകിസ്ഥാനുമായി ഒരു തുറന്ന സംഘട്ടനം എന്നുവേണമെങ്കിലും

ആരംഭിച്ചേക്കാം. ഒരു സൈനികസംഘട്ടനമുണ്ടായാൽ, ഇന്നത്തെ പരിതഃസ്ഥിതിയിൽ അതിന്റെ ഫലം എന്തായിരിക്കുമെന്ന് പ്രവചിക്കുക വയ്യ.

അഫ്ഘാനിസ്ഥാനിൽനിന്ന് റഷ്യൻ പട പിൻവാങ്ങിയാലും, അഫ്ഘാൻ ഗവണ്മെൻറിനെതിരെ 'ജെഹാദ്' (മതസമരം) നടത്തുന്ന 'മുജാഹിദ്' കലാപകാരികൾക്ക് ആയുധസഹായം നൽകുന്നതു തുടരുമെന്ന് അമേരിക്ക പ്രഖ്യാപിച്ചിട്ടുണ്ട്. തങ്ങളോട് ആനുകൂല്യം പുലർത്തുന്ന അഫ്ഘാൻ ഗവണ്മെൻറിനെ റഷ്യയും സഹായിക്കുമെന്നുവേണം കരുതാൻ. ഇതിന്റെ ഫലം, അഫ്ഘാനിസ്ഥാനിൽ അമേരിക്കൻ-റഷ്യൻ ആയുധങ്ങൾ ഉപയോഗിച്ചുള്ള ഒരു ആഭ്യന്തരസമരം ആയിരിക്കാം. ചരിത്രകാലത്തിലാകെ, അഫ്ഘാനിസ്ഥാനിൽ അരാജകത്വം ഉണ്ടായപ്പോഴൊക്കെ, അതിന്റെ ദുഷ്ഫലങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുള്ളതു് സിന്ധു-ഗംഗാ തടത്തിലെ ജനങ്ങളാണ്. അതിർത്തിക്കപ്പുറത്തു് ഇത്തരമൊരു ദുരന്തം ഒഴിവാക്കുന്നതിന് ഇപ്പോഴത്തെ ഇന്ത്യൻ ഭരണകൂടം എന്താണു ചെയ്തിട്ടുള്ളതു്?

ചൈനയുമായി ഇന്ത്യയുടെ അതിർത്തിത്തർക്കം ഇപ്പോഴും സജീവമാണ്. ശ്രീലങ്കയിലെ ആഭ്യന്തര സമരത്തിൽ നാം കൈയിട്ടതുകൊണ്ട് ആ രാജ്യത്തിലെ കുഴപ്പങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല; മറിച്ച് നമ്മെ സംബന്ധിച്ചിടത്തോളം ദുർവഹമായ സൈനികവ്യയത്തിന് ഈ ഇടപെടൽ കാരണമായിത്തീരുകയും ചെയ്തിരിക്കുന്നു.

ചുരുക്കത്തിൽ, ഇന്ത്യയുടെ അന്താരാഷ്ട്രീയനയം അല്പമെങ്കിലും വിജയിച്ചിട്ടുള്ളതു്, സോവിയററ് റഷ്യയുമായുള്ള നമ്മുടെ ബന്ധം അക്ഷുണ്ണമായി നിലനിർത്തുന്നതിൽ മാത്രമാണ്.

രാഷ്ട്രീയതലത്തിലാണെങ്കിൽ, പഞ്ചാബിൽ ഏതാണ്ടൊരു കലാപാവസ്ഥയാണ് തുടർന്നു നിലനില്ക്കുന്നതു്. ഈ സ്ഥിതി ഹിമാലയത്തിലെ കുന്നിൻപ്രദേശങ്ങളിൽക്കൂടി നിലവിൽവരികയാണെങ്കിൽ അതിൽ നാം അത്ഭുതപ്പെടേണ്ടതില്ല. ഗോർഖാലാൻഡ് വിവാദം നീങ്ങുന്നതു് ആ വഴിക്കാണ്. ഗുജറാത്തിലും ഉത്തർപ്രദേശത്തിലും കാശ്മീരിലും മററും കുറച്ചുമുമ്പു നടന്ന ഹിന്ദു-മുസ്ലിം സാമുദായിക ലഹളകൾ തല്ക്കാലത്തേക്കു ശമിച്ചിട്ടുണ്ടെങ്കിലും, വളരെ നിസ്സാരമായ കാരണങ്ങളുടെ പേരിൽ അവ വീണ്ടും ആളിപ്പടർന്നുകൂടെന്നില്ല. രാമജന്മഭൂമി—ബാബരി മസ്ജിദ് തർക്കംപോലെയുള്ള കലാപകാരണങ്ങൾ ഇന്നും അവിടെത്തന്നെയുണ്ട്.

വർഷങ്ങളായി തുടർന്നുവരുന്ന വരൾച്ചയുടെ ദുഷ്ഫലങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വികസനപദ്ധതികളൊന്നും പുരോഗമിക്കുന്നില്ല; ഭരണച്ചിലവു് ദുർവഹമായി പെരുകിക്കൊണ്ടിരിക്കുന്നു; ഭരണത്തിന്റെ ഗുണനിലവാരം കാണെക്കാണെ അധഃപതിച്ചുവരുന്നു. അഴിമതിയെപ്പററിയാണ് എങ്ങും സംസാരം. പൊതുക്കടം പെരുകിവരുന്നു; വ്യാപാരക്കമ്മി ഉയർന്നുയർന്നുപോകുന്നു. സാർവത്രികമായ വ്യാപാരമാന്ദ്യവും അനിയന്ത്രിതമായ ജനപ്പെരുപ്പവുംമൂലം തൊഴിലില്ലായ്മ നാൾക്കുനാൾ രൂക്ഷമായിത്തീരുന്നു. നിത്യജീവിതം, സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം, അഗ്നിപരീക്ഷയായി മാറിക്കൊണ്ടിരിക്കുന്നു.

തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവണ്മെൻറിനെതിരെ ജനരോഷം വളർത്താൻ വേറെ എന്തു വേണം?

വേറെയും പലതുമുണ്ട് എന്നതാണ് ദയനീയമായ പരമാർത്ഥം. കോൺഗ്രസ് പാർട്ടിക്കകത്തു് ജനാധിപത്യമില്ല. എന്തിന് ജനാധിപത്യം? അതിനൊരു സംഘടനയോ, ശ്രേണീകൃതമായ അധികാരക്രമമോപോലുമില്ല. കോൺഗ്രസ്സിൽ അധികാരം, താഴെനിന്നു സേവനത്തിലൂടെ നേടിയെടുക്കുന്നതല്ല, മുകളിൽനിന്ന് അനുഗ്രഹമായി നൽകപ്പെടുന്നതാണ്.

കോൺഗ്രസ്സിൽ മെംബർമാരില്ല, കള്ളമെംബർമാരേ ഉള്ളു. മെംബർപ്പട്ടിക തികച്ചും കള്ളമാകയാൽ, കോൺഗ്രസ്സിൽ ആഭ്യന്തര തെരഞ്ഞെടുപ്പ

കൾ നടത്തുക സാദ്ധ്യമല്ല. ദുസ്സഹമായ ഈ സ്ഥിതിവിശേഷത്തിനെതിരെ പല പ്രഖ്യാപനങ്ങളും പാർട്ടി പ്രസിഡണ്ട് എന്ന നിലയിൽ രാജീവ്ഗാന്ധി നടത്തിയിട്ടുണ്ടെങ്കിലും, അവയെല്ലാന്നും യാതൊരു ഫലവും ഉണ്ടായിട്ടില്ല. കള്ളമെംബർപ്പട്ടികയുടെ പ്രശ്നം പരിഹരിച്ച്, പാർട്ടി തിരഞ്ഞെടുപ്പുകൾ നടത്തുക സാദ്ധ്യമാക്കമാറ് കോൺഗ്രസ്സിന്റെ ഭരണഘടന പരിഷ്കരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുവാൻ പ്രമുഖ കോൺഗ്രസ് നേതാവായ ഉമാശങ്കർ ദീക്ഷിത് അദ്ധ്യക്ഷനായി ഒരു കമ്മററിയെ രാജീവ്ഗാന്ധി നിയമിച്ചിരുന്നു. ഈ കമ്മററിയുടെ റിപ്പോർട്ട് 1987 ഒക്ടോബറിൽ രാജീവ്ഗാന്ധിക്കു സമർപ്പിക്കപ്പെട്ടു. ഈ റിപ്പോർട്ട് ഇനിയും കോൺഗ്രസ് സെക്രട്ടറിമാർ വായിച്ചുനോക്കിയിട്ടില്ലത്രെ. അത്രയുമുണ്ട് ആ കാര്യത്തിൽ അവരുടെ ശുഷ്കാന്തി! ഇതൊക്കെക്കൊണ്ടാവണം, കോൺഗ്രസ്സിനുള്ളിൽ തിരഞ്ഞെടുപ്പു നടത്തുന്ന കാര്യത്തെപ്പററിയുള്ള സംസാരംപോലും ഈയിടെയായി കേൾക്കാറില്ല. ഇന്നത്തെ നിലയിൽ കോൺഗ്രസ് ഒരു ജനാധിപത്യപ്പാർട്ടിയല്ല. ആഭ്യന്തര ജനാധിപത്യം പുലർത്താത്ത ഒരു പാർട്ടി നാട്ടിൽ ജനാധിപത്യം പുലർത്തുമെന്ന് എങ്ങനെ വിശ്വസിക്കാം?

കോൺഗ്രസ് സംഘടനയ്ക്കകത്തുള്ള 'അധികാര ദല്ലാളുകളെ' (പവർ ബ്രോക്കേഴ്സ്) ശക്തമായ ഭാഷയിൽ രാജീവ്ഗാന്ധി മുമ്പ് നിന്ദിക്കുകയുണ്ടായിട്ടുണ്ട്. ഇന്ന് 'അധികാര ദല്ലാളുകൾ' അല്ലാതെ ആ പാർട്ടിക്കകത്ത് സേവന മനോഭാവംകൊണ്ടുമാത്രം നിലകൊള്ളുന്നവർ എത്രയുണ്ടാകും? കോൺഗ്രസ് അംഗങ്ങൾക്ക് ഒരു 'സദാചാര സംഹിത' (കോഡ് ഓഫ് കോൺഡക്ട്) നടപ്പിലാക്കുന്നതിനെപ്പററി മുമ്പ് പലപ്പോഴും പറഞ്ഞുകേട്ടിരുന്നു. മദ്രാസ് എ. ഐ. സി. സി. സമ്മേളനത്തിൽ പാസ്സാക്കിയ രാഷ്ട്രീയ പ്രമേയം കോൺഗ്രസ്സുകാർ എടുക്കേണ്ട ഒരു പതിന്നാലിന പ്രതിജ്ഞയെപ്പററി പറയുന്നുണ്ട്. ഇതനുസരിച്ച് തങ്ങൾ കൈക്കൂലി വാങ്ങുകയില്ലെന്നോ, അക്രമം പ്രവർത്തിക്കുകയില്ലെന്നോ, മദ്യപിക്കുകയില്ലെന്നോ, ദിവസേന ഒരു നിശ്ചിത സമയം പൊതുപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുമെന്നോ, അയിത്തം ആചരിക്കുകയില്ലെന്നോ, ഒന്നും കോൺഗ്രസ്സുകാർ പ്രതിജ്ഞ ചെയ്യേണ്ട, വ്യക്തിപരമായ അച്ചടക്കം സംബന്ധിച്ച ഒന്നും ഈ പ്രതിജ്ഞയിലില്ല. സർക്കാരിന്റെ ചില നയങ്ങൾക്കു പിന്തുണ നൽകുമെന്നും, അമൂർത്തമായ ചില ആദർശങ്ങൾ മുന്നിൽ വെക്കുമെന്നും മാത്രമേ അവർ പ്രതിജ്ഞ ചെയ്യേണ്ടതുള്ളൂ. ഇത്തരമൊരു പ്രതിജ്ഞ ഒരാൾക്കും ഒരു ഗുണവും (ദോഷവും) ചെയ്യുകയില്ല.

ചുരുക്കത്തിൽ, മദ്രാസ് എ. ഐ. സി. സി. സമ്മേളനത്തിൽ ഫലപ്രദമായ ഒരു ചർച്ചയും നടന്നിട്ടില്ല; ശ്രദ്ധേയങ്ങളായ എന്തെങ്കിലും തീരുമാനങ്ങൾ ആ സമ്മേളനത്തിൽനിന്ന് ഉരുത്തിരിഞ്ഞുവന്നിട്ടുമില്ല. പാർട്ടി വിട്ടുപോയ ഏതാനും മുൻകോൺഗ്രസ്സുകാരെ—വി. പി. സിംഹ്, സെയ്ൽ സിംഹ് മുതലായവർ ഉദാഹരണം—ആക്ഷേപിക്കാൻ ആ സമ്മേളനം ഉപകരിച്ചിട്ടുണ്ട്. ഇന്നത്തെ കോൺഗ്രസ് പാർട്ടിക്കകത്ത് രാജീവ്ഗാന്ധിക്കുള്ള ചോദ്യം ചെയ്യാനാവാത്ത, നേതൃത്വത്തെ സമ്മേളനം വകവെച്ചുകൊടുത്തിട്ടുമുണ്ട്. അത്രയും മതിയോ?

സ്വീഡനിലെ ബോഫോഴ്സ് കമ്പനിക്കാരിൽനിന്ന് ഇന്ത്യൻ സേനയിലേക്കു പീരങ്കികളും, ജർമനിയിൽനിന്നു മുങ്ങിക്കപ്പലുകളും വാങ്ങിയതിൽ വൻതോതിൽ അഴിമതി നടന്നിട്ടുണ്ടെന്ന് ആരോപണമുണ്ടല്ലോ. ഈ അഴിമതികളിൽ, രാജീവ്ഗാന്ധിയുമായി അടുപ്പത്തിലാണെന്നു പറയപ്പെടുന്ന ചിലർക്ക്, (ഹിന്ദുജ, ബച്ചൻ, വിൻഛഡ്ഡ) ഉള്ള പങ്കിനെപ്പററി പല രേഖകളും പത്രങ്ങളിലൂടെ പ്രസിദ്ധീകരണം നേടിക്കൊണ്ടിരിക്കുകയുംചെയ്യുന്നു. അഴിമതിയുടെ കാർമേഘങ്ങൾ മൂടി, വിങ്ങലും വിയർപ്പും നിറഞ്ഞ അന്തരീക്ഷത്തിലാണ്, എയർകണ്ടീഷണർ യന്ത്രങ്ങൾ ഘടിപ്പിച്ച ഓലപ്പന്തലുകൾക്കകത്ത്,

മദ്രാസിലെ നഗറിൽ എ. ഐ. സി. സി. സമ്മേളനം നടന്നത്. ഡി. എം. കെ. പത്രമായ 'മുരശൊലി' ചെയ്തതുപോലെ, ഈ സമ്മേളനത്തെ 'അഖിലേന്ത്യാ ബോഫോഴ്സ് ഫാൻസ് അസോസിയേഷൻ സമ്മേളനം' എന്ന് വിശേഷിപ്പിക്കുന്നത് കുറെ കടന്ന കൈയായിരിക്കും. കാരണം, ഇപ്പോഴും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ പാരമ്പര്യം അവകാശപ്പെടുന്ന സംഘടന കോൺഗ്രസ്സാണ്; ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ഭരണം നടത്തുന്നതും കോൺഗ്രസ് തന്നെ. കോൺഗ്രസ് സംഘടനയ്ക്കു പകരം നില്ക്കാവുന്ന വിശ്വാസ്യമായ ഒരു വികല്പം ഇനിയും ഇവിടെ ഉരുത്തിരിഞ്ഞു വന്നിട്ടുമില്ല. ഇന്നത്തെ നിലയിൽ, കോൺഗ്രസ് അമ്പേ തകരുക എന്നതിനർത്ഥം ഇന്ത്യയിൽ പൂർണമായ അരാജകാവസ്ഥ നിലവിൽ വരിക എന്നതായിരിക്കും.

കോൺഗ്രസ്സിനെ പൊളിച്ചുകളയുക എളുപ്പമാണ്. (അതിനു വേണ്ടതെല്ലാം കോൺഗ്രസ്സുകാർതന്നെ ചെയ്യുന്നുണ്ടല്ലോ.) ഇന്നത്തെ അധഃപതനത്തിൽനിന്ന് ആ സംഘടനയെ പുനരുദ്ധരിക്കുക പ്രയാസമേറിയ ഒരു കാര്യമാകുന്നു. പക്ഷേ, രാഷ്ട്രഹിതം ഈ പുനരുദ്ധാരണത്തിലാണ്. അതിനുവേണ്ടി ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ, അവർക്ക് ഉള്ളഴിഞ്ഞ സഹകരണം നൽകുകയാണ് ദേശസ്നേഹികളുടെ കർത്തവ്യം.

(25 ഏപ്രിൽ, 1988)

# 25. കോൺഗ്രസ് വിരുദ്ധ കക്ഷികൾ യോജിക്കുമോ?

പൊതുവെ ശക്തിക്ഷയം സംഭവിച്ചിട്ടുണ്ടെങ്കിലും ചില സംസ്ഥാനങ്ങളിൽ രണ്ടാമത്തെയോ മൂന്നാമത്തെയോ സ്ഥാനത്തേക്കു താഴ്ത്തി നിർത്തപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നും ഇന്ത്യയിലെ മുഖ്യ രാഷ്ട്രീയപാർട്ടി ഇന്ദിരാകോൺഗ്രസ് തന്നെയാണ്. ആന്ധ്രപ്രദേശിലെ തെലുഗുദേശം, അസമിലെ ഗണസംഗ്രാമ പരിഷത്ത്, കാശ്മീരിലെ നാഷണൽ കോൺഫറൻസ്, തമിഴ്നാട്ടിലെ ഡി. എം. കെ. മുതലായ പാർട്ടികൾ അതാതു സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിനെ വെല്ലുവിളിക്കുന്നുണ്ടെങ്കിലും അവയ്ക്കെല്ലാം പ്രാദേശികമായ അടിസ്ഥാനമേ ഉള്ളൂ. കോൺഗ്രസ്സിനെ എതിർക്കുന്ന അഖിലേന്ത്യാപാർട്ടികളായ സി. പി. ഐ. മാർക്സിസ്റ്റ് കമ്യൂണിസ്റ്റ്, ലോക്ദൾ, ജനത എന്നിവയ്ക്കും ഏതാനും സംസ്ഥാനങ്ങളിൽ മാത്രമാണ് പറയത്തക്ക ജനപിന്തുണ നേടാൻ കഴിഞ്ഞിട്ടുള്ളത്. അതിനാൽ, ചില സംസ്ഥാനങ്ങളിൽ അലോസരം സൃഷ്ടിക്കാനല്ലാതെ കേന്ദ്രഭരണത്തിൽനിന്നു കോൺഗ്രസ്സിനെ തുരത്തുവാൻ അവയ്ക്കൊന്നും കഴിവില്ല. തിരഞ്ഞെടുപ്പുകാലത്ത് ഈ പ്രതിപക്ഷപാർട്ടികൾ ഉണ്ടാക്കുന്ന കൂട്ടുകെട്ടുകൾ, ആദർശാധിഷ്ഠിതങ്ങളല്ലാത്തതിനാൽ വിശ്വാസ്യത നേടുന്നുമില്ല. വല്ലപാടും തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയാൽത്തന്നെ, പ്രതിപക്ഷ പാർട്ടികളുടെ കൂട്ടുകെട്ടിന് ഇന്ത്യയെ ഭരിക്കാൻ സാദ്ധ്യമാവില്ല എന്നതാണ് 1977–ൽ കേന്ദ്രത്തിൽ അധികാരത്തിൽവന്ന ജനതാഗവൺമെൻറിനു നേരിട്ട ദയനീയമായ പരാജയത്തിൽനിന്നു നാം പഠിച്ച പാഠം. അതു മറക്കാൻ സമയമായിട്ടില്ല.

തെലുഗുദേശം പാർട്ടിയുടെ സ്രഷ്ടാവും സംരക്ഷകനുമായ എൻ. ടി. രാമറാവുവിന്റെ പിറന്നാളിനോടനുബന്ധിച്ച്, ഒരു ദേശീയമേളയെന്ന നിലയിൽ വിജയവാഡയിൽ ഏഴു ദിവസം നീണ്ടുനിന്ന ഒരു 'മഹാനാട്' 1988 മെയ്